അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

പരിഷത്ത് വാഹനജാഥ സമാപനം

തിരുവനന്തപുരം: കേരളശാസ്ത്രസാഹിത്യ പരിഷത്ത് നടത്തുന്ന സംസ്ഥാന വാഹനജാഥ 14ന് ഗാന്ധിപാർക്കിൽ സമാപിക്കും. ഭൗമശാസ്ത്ര ഗവേഷണകേന്ദ്രത്തിലെ മറൈൻ സയൻസ് വിഭാഗം മുൻമേധാവി ഡോ. കെ.വി. തോമസാണ് ജാഥാ ക്യാപ്ടൻ. സമാപന സമ്മേളനം സംസ്ഥാന ആസൂത്രണബോർഡ് അംഗം ഡോ. ബി. ഇക്ബാൽ ഉദ്ഘാടനം ചെയ്യും. ദുരന്തനിവാരണകേന്ദ്രം മുൻമേധാവി ഡോ. കെ.ജി. താര മുഖ്യപ്രഭാഷണം നടത്തും. സമാപനസമ്മേളനത്തിന്റെ സ്വാഗതസംഘം രൂപീകരണയോഗം മുൻ രാജ്യസഭാംഗം പ്രൊഫ. സി.പി. നാരായണൻ ഉദ്ഘാടനം ചെയ്യും. പി.ബി. സാജനെ സ്വാഗതസംഘം ചെയർമാനായും പ്രദീപ് ഓർക്കാട്ടേരിയെ കൺവീനറായും തിരഞ്ഞെടുത്തു.

മന്ത്രി ജലീൽ രാജിവയ്ക്കണമെന്ന്

തിരുവനന്തപുരം: ബന്ധു നിയമനം നടത്തിയ മന്ത്രി കെ.ടി. ജലീലിനെ മന്ത്രിസ്ഥാനത്ത് തുടരാനനുവദിക്കരുതെന്ന് കേരള കോൺഗ്രസ് (എം) ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ട്രിവാൻഡ്രം ഹോട്ടൽ ആഡിറ്റോറിയത്തിൽ ചേർന്ന ജില്ലാ കമ്മിറ്റി യോഗത്തിൽ ജില്ലാ പ്രസിഡന്റ് അഡ്വ. കൊട്ടാരക്കര പൊന്നച്ചൻ അദ്ധ്യക്ഷത വഹിച്ചു. താന്നിവിള ശശിധരൻ, നെയ്യാറ്റിൻകര സെൽവരാജ്, ജോസഫ് അലക്സാണ്ടർ, എസ്.എൽ.വി. സദാനന്ദൻ, മോഹനൻ നായർ, ഷാജി കൃതാളി, നെയ്യാറ്റിൻകര ധർമ്മരാജൻ, പാലിയോട് സദാനന്ദൻ, വലിയവിള റഹിം, ഹേമചന്ദ്രൻ നായർ, ദിലീപ് കുമാർ, ടി.പി. സുരേഷ്, കോട്ടുകാൽ മനോഹരൻ, മുരളീധരൻ നായർ, ഗ്രിറ്റി അലക്സ് തോമസ്, അബ്ദുൾ സത്താർ തുടങ്ങിയവർ സംസാരിച്ചു.

പുരജിത് ഫൗണ്ടേഷൻ യോഗം

തിരുവനന്തപുരം: ആനയറ പുരജിത് ഫൗണ്ടേഷൻ ചാരിറ്റബിൾ സൊസൈറ്റിയുടെ ജനറൽ ബോഡി യോഗവും പുരജിത് അനുസ്മരണവും 14ന് വൈകിട്ട് 3ന് ആർടെക് ദീപം ഹാളിൽ നടത്തുമെന്ന് പ്രസിഡന്റ് ആർ.ഗോപിനാഥക്കുറുപ്പ്, സെക്രട്ടറി രാജശ്രീ. പി എന്നിവർ പ്രസ്താവനയിൽ അറിയിച്ചു.

'വീ ദ പീഷിൾ' 13ന്

തിരുവനന്തപുരം: ശബരിമല യുവതീപ്രവേശന വിധി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു വിഭാഗം സംസ്ഥാനത്ത് കലാപാന്തരീക്ഷം സൃഷ്ടിക്കുന്നതിനെതിരെ കലാകാരന്മാരും സാംസ്കാരിക പ്രവർത്തകരും വീ, ദ പീഷിൾ എന്ന പ്രചാരണപരിപാടി സംഘടിപ്പിക്കുന്നു. ഈ മാസം 13ന് സെൻട്രൽ സ്റ്റേഡിയത്തിലാണ് ഒരു പകൽ നീളുന്ന ഭരണഘടനാ സംരക്ഷണ മഹാസംഗമം സംഘടിപ്പിക്കുന്നത്. 'മജന്ത' ആണ് സംഗമത്തിന്റെ ഔദ്യോഗിക നിറമായി നൽകിയിരിക്കുന്നത്. പരിപാടിക്ക് മുന്നോടിയായി ഇന്നലെ സെക്രട്ടേറിയറ്റിന് മുന്നിൽ കലാകാരന്മാരുടെയും സാംസ്കാരികപ്രവർത്തകരുടെയും ഒത്തുചേരലിന് തുടക്കമായി. പങ്കെടുക്കാനെത്തുന്നവർക്ക് ചിത്രങ്ങൾ വരച്ചുനൽകിയും കൂട്ടംകൂടി പാട്ട് പാടിയുമാണ് വീ ദ പീഷിൾ സംഗമത്തിന്റെ സന്ദേശം ജനങ്ങളിലെത്തിക്കുന്നതെന്നും സംഘാടകർ അറിയിച്ചു.

ഗാന്ധി സ്മാരക നിധിയിലെ സമരം രണ്ടാം ഘട്ടത്തിലേക്ക്

തിരുവനന്തപുരം: ഗാന്ധി സ്മാരക നിധിയിൽ തിരഞ്ഞെടുപ്പ് നടത്തണമെന്ന് ആവശ്യപ്പെട്ട് ജീവനക്കാർ നടത്തുന്ന സമരം രണ്ടാംഘട്ടത്തിലേക്ക്. സമര പരിപാടികൾ സി.ഐ.ടി.യു ജില്ലാ സെക്രട്ടറി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് രാഹുൽ രവി അദ്ധ്യക്ഷത വഹിച്ചു. ഐ.എൻ.ടി.യു.സി ജില്ലാ പ്രസിഡന്റ് ആർ. പ്രതാപൻ, സംസ്ഥാന സെക്രട്ടറി മുഹമ്മദ് ഇക്ബാൽ, കേരള ഖാദി എംപ്ലോയീസ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പേയാട് ശശി, സംസ്ഥാന ജനറൽ സെക്രട്ടറി പി. രാജേന്ദ്രദാസ്, സി.ഐ.ടി.യു മത്സ്യത്തൊഴിലാളി യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് ഷീല റൊസാരിയോ, ആർ. സതീഷ് കുമാർ, ഹരികുമാരൻ നായർ, എം.ശോഭ, യൂണിറ്റ് സെക്രട്ടറി അരുൺ ബാബു തുടങ്ങിയവർ പങ്കെടുത്തു.

മുട്ടത്തറ വടുവൊത്ത മഹാ വിഷ്ണുക്ഷേത്രം

തിരുവനന്തപുരം: മുട്ടത്തറ ശ്രീ വടുവൊത്ത മഹാ വിഷ്ണു ക്ഷേത്രത്തിലെ തിരു ആറാട്ട് മഹോത്സവവും ദേവീക്ഷേത്ര പൊങ്കാലയും ശ്രീധർമ്മ ശാസ്താ പുനഃപ്രതിഷ്ഠാ വാർഷികവും ഇന്ന് മുതൽ 15 വരെ നടത്തും.

ഇന്ന് രാവിലെ 9.15 നും 10.30 നും ഇടയിലുള്ള മുഹൂർത്തത്തിൽ തരുണനല്ലൂർ എൻ.പി. പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ കാർമികത്വത്തിൽ തൃക്കൊടിയേറും. തുടർന്ന് 14 ന് ശ്രീപത്മനാഭസ്വാമിയോടൊപ്പം ശംഖുമുഖത്ത് ആറാട്ട് കഴിഞ്ഞ് തിരിച്ച് ക്ഷേത്രത്തിലെത്തി തൃക്കൊടിയിറക്കി 15ന് രാവിലെ ദേവീക്ഷേത്ര പൊങ്കാലയോടെ ഉത്സവം സമാപിക്കും. ഉത്സവത്തിന്റെ ഒന്നാം ദിവസമായ ഇന്ന് 7ന് കൊടിമരം മുറിക്കാൻ എഴുന്നള്ളത്ത്, 8.30 ന് ലക്ഷ്മി നാരായണപൂജ, 9.15 നും 10.30 നും ഇടയിൽ തൃക്കൊടിയേറ്റ്, രാത്രി 7 ന് ചിലമ്പൊലി ഡാൻസ് അക്കാഡമിയുടെ ഡാൻസ്, 9.30 ന് തിരുവനന്തപുരം സംഘവേദിയുടെ നാടൻ പാട്ടുകളും നാടകീയ ദൃശ്യാവിഷ്കാരവും നടക്കും.10ന് രാത്രി 7 ന് തിരുവനന്തപുരം അദ്വൈതം ഡാൻസ് അക്കാഡമിയുടെ ഡാൻസ് ആൻഡ് മ്യൂസിക്കൽ നൈറ്റ്, 9 ന് തിരുവനന്തപുരം സാഗരയുടെ ഗാനമേള.11ന് വൈകിട്ട് 5.30 ന് സ്വാമി ചിദാനന്ദ പുരിയുടെ ആത്മീയ പ്രഭാഷണം, രാത്രി 7 ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പങ്കെടുക്കുന്ന സാംസ്കാരിക സമ്മേളനവും വിദ്യാഭ്യാസ അവാർഡ് ദാനവും, രാത്രി 9 ന് തിരുവനന്തപുരം ഹാസ്യകൈരളി അവതരിപ്പിക്കുന്ന തിരുമല ചന്ദ്രന്റെ കോമഡി കമ്പനി. 12ന് രാത്രി 7 ന് മുട്ടത്തറ കണ്ണകി ഡാൻസ് ഗ്രൂപ്പിന്റെ ഡാൻസ്, രാത്രി 9 ന് നൃത്തനൃത്ത്യങ്ങൾ.13ന് രാത്രി 7 ന് ആര്യൻകൃഷ്ണദേവി ഭക്തി സംഗീതികയുടെ ഭക്തിഗാനസുധ.14ന് രാത്രി 8 ന് മജീഷ്യൻ വിസ്മയ വിജയിന്റെ മാജിക് ഷോ.15ന് രാത്രി 7 ന് സംഗീതാർച്ചന, 9 ന് അങ്കമാലി അക്ഷയയുടെ നാടകം ആഴം എന്നിവ നടക്കും.

സത്യജിത്ത് റേ മ്യൂസിക് ക്ലബ് ഉദ്ഘാടനവും ഗുരുവന്ദനവും

തിരുവനന്തപുരം: സത്യജിത്ത് റേ ഫിലിം സൊസൈറ്റി രൂപീകരിക്കുന്ന സത്യജിത്ത് റേ മ്യൂസിക് ക്ലബിന്റെ ഉദ്ഘാടനവും ഗുരുവന്ദനവും മന്ത്രി ഇ. ചന്ദ്രശേഖരൻ നിർവഹിച്ചു.

വെറുപ്പിന്റെയും അസഹിഷ്ണുതയുടെയും അക്രമത്തിന്റെയും ശബ്ദം സംഗീതത്തിൽ അലിഞ്ഞ് ഇല്ലാതാകട്ടെ എന്ന് മന്ത്രി പറഞ്ഞു. ഭാരത് ഭവനിൽ നടന്ന പരിപാടിയിൽ സത്യജിത്ത് റേ ഫിലിം സൊസൈറ്റി ചെയർമാൻ സജിൻലാൽ അദ്ധ്യക്ഷത വഹിച്ചു. സംഗീതജ്ഞരായ കലാമണ്ഡലം വിമലാ മേനോൻ, ഭാവനാ രാധാകൃഷ്ണൻ, നാഞ്ചിൻ അരുൾ, മഹാദേവ ശർമ്മ തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് പിന്നണി ഗായകരായ മോഹൻരാജ്, സുരേഷ്വാസുദേവ്, ശാന്തി അലൻ, ജ്യോതി സന്തോഷ് എന്നിവരുടെ നേതൃത്വത്തിൽ ഗാനമേളയും ഉണ്ടായിരുന്നു.

സത്യജിത്ത് റേ ഫിലിം സൊസൈറ്റി രൂപീകരിക്കുന്ന സത്യജിത്ത് റേ മ്യൂസിക് ക്ലബിന്റെ ഉദ്ഘാടനവും ഗുരുവന്ദനവും മന്ത്രി ഇ. ചന്ദ്രശേഖരൻ നിർവഹിക്കുന്നു

അങ്കം മുറുകുന്നു; കിണവൂരിൽ മുന്നണികൾക്ക് അഭിമാനപോരാട്ടം

■സി.പി.എം വിമതൻ യു.ഡി.എഫ് സ്ഥാനാർത്ഥിയാകും ■ എൽ.ഡി.എഫും ബി.ജെ.പിയും സ്ഥാനാർത്ഥികളെ നിശ്ചയിച്ചു ■ വോട്ടെടുപ്പ് 29ന് ■ വോട്ടെണ്ണൽ 30ന്

◗സ്വന്തം ലേഖകൻ

തിരുവനന്തപുരം : ഈ ഭരണസമിതി അധികാരത്തിലെത്തി രണ്ടര വർഷം പിന്നിട്ടപ്പോൾ നഗരസഭ കിണവൂർ വാർഡിൽ 29ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ മുന്നുമുന്നണികളും ശക്തമായ പോരാട്ടത്തിനൊരുങ്ങുന്നു.

കഴിഞ്ഞ തവണ സി.പി.എം വിമതനായി മത്സരിച്ച ഷീലാസിനെ യു.ഡി.എഫ് സ്ഥാനാർത്ഥിയാക്കാൻ തീരുമാനിച്ചു. വിമതനെ തട്ടിയെടുത്ത യു.ഡി.എഫിന്റെ നീക്കം അറിഞ്ഞതോടെ എൽ.ഡി.എഫും ബി.ജെ.പിയും സ്ഥാനാർത്ഥികളെ തീരുമാനിച്ചു. ഡി.വൈ.എഫ്.ഐ നാലാഞ്ചിറ മേഖലാ പ്രസിഡന്റ് എം. അരുണാണ് എൽ.ഡി.എഫ് സ്ഥാനാർത്ഥി. ഇന്നലെ ചേർന്ന സി.പി.എം നാലാഞ്ചിറ ലോക്കൽ കമ്മിറ്റിയാണ് സ്ഥാനാർത്ഥിയെ തീരുമാനിച്ചത്.

കിണവൂർ മേഖലയിലെ സജീവ പ്രവർത്തകനായ എ. സനൽകുമാറാണ് ബി.ജെ.പി സ്ഥാനാർത്ഥി. ഇതോടെ ഇരുമുന്നണികളുടെയും വാശിയേറിയ മത്സരത്തിനുള്ള രംഗം ഒരുങ്ങി. യു.ഡി.എഫ് പ്രതിനിധിയായിരുന്ന കെ.സി. വിമൽകുമാറിന്റെ ആകസ്മിക മരണത്തോടെയാണ് കിണവൂർ വാർഡിൽ ഉപതിരഞ്ഞെടുപ്പിന് കളമൊരുങ്ങിയത്.

നിലവിലെ ഭരണസമിതി അധികാരത്തിലെത്തിയശേഷം നടക്കുന്ന മൂന്നാമത് ഉപതിരഞ്ഞെടുപ്പാണിത്.

പാപ്പനംകോട്, വാഴോട്ടുകോണം വാർഡുകളിലാണ് നേരത്തേ ഉപതിരഞ്ഞെടുപ്പ് നടന്നത്. വാഴോട്ടുകോണത്ത് സി.പി.എമ്മിലെ മുൻ കൗൺസിലർ വിക്രമന്റെയും പാപ്പനംകോട് വാർഡിൽ ബി.ജെ.പിയിലെ കെ. ചന്ദ്രന്റെയും നിര്യാണത്തെത്തുടർന്നായിരുന്നു ഉപതിരഞ്ഞെടുപ്പ് വേണ്ടിവന്നത്. രണ്ട് സീറ്റുകളും ഇരുപാർട്ടികളും നിലനിറുത്തി.

അതിനാൽ തന്നെ യു.ഡി.എഫിനും കിണവൂർ നിലനിറുത്തിയേ മതിയാകൂ. കഴിഞ്ഞ തവണ കെ.സി. വിമൽകുമാർ 1294 വോട്ടുകൾ നേടിയപ്പോൾ വിമതനായ കെ. ഷീലാസ് 1168 വോട്ട് നേടി രണ്ടാം സ്ഥാനത്തെത്തി. സി.പി.എമ്മിന്റെ ഔദ്യോഗിക സ്ഥാനാർത്ഥിയായി മത്സരിച്ച ആർ. ദിനേശ് കുമാറിന് 1116 വോട്ടാണ് ലഭിച്ചത്.

ഒറ്റനോട്ടത്തിൽ

■മാതൃകാപെരുമാറ്റച്ചട്ടം നിലവിൽ വന്നു
■നാമനിർദ്ദേശ പത്രിക 12 വരെ സമർപ്പിക്കാം
■സൂക്ഷ്മപരിശോധന 13ന്
■ 15വരെ പത്രിക പിൻവലിക്കാം
■29ന് രാവിലെ 7 മുതൽ വൈകിട്ട് 5 വരെ വോട്ടെടുപ്പ്.
■ 30ന് രാവിലെ 10നാണ് വോട്ടെണ്ണൽ

കിണവൂർ ഇങ്ങനെ

■2010ലെ വാർഡ് പുനർവിഭജനത്തോടെയാണ് വാർഡ് രൂപം കൊണ്ടത്
■അന്നു മുതൽ യു.ഡി.എഫിനൊപ്പം
■ 2010ൽ 454 വോട്ടിന് യു.ഡി.എഫിലെ കെ. സരസമ്മ ആദ്യ ജയം കുറിച്ചു
■2015ൽ 126 വോട്ടിനായിരുന്നു കെ.സി. വിമൽകുമാറിന്റെ ജയം
■കുടപ്പനക്കുന്ന് പഞ്ചായത്തിന്റെ ചില ഭാഗങ്ങളും മുട്ട, നാലാഞ്ചിറ വാർഡുകളുടെ ഭാഗങ്ങളും ഉൾപ്പെടുന്നതാണ് കിണവൂർ
■ആകെ അഞ്ച് ബൂത്തുകളുള്ള വാർഡിൽ നാല് ബൂത്തുകളിൽ എൽ.ഡി.എഫും യു.ഡി.എഫും ഏറക്കുറെ തുല്യശക്തികൾ
■ ബി.ജെ.പിയും നിർണായ ശക്തി
രണ്ടാം ബൂത്തായ രാമപുരത്ത് ബി.ജെ.പിക്ക് വലിയ സ്വാധീനം

വീണ്ടും ഷീലാസ്

■ സി. പി. എം മുൻനെടുമങ്ങാണം ബ്രാഞ്ച് സെക്രട്ടറിയും നാലാഞ്ചിറ ലോക്കൽ കമ്മിറ്റി അംഗവുമായിരുന്നു
■ സ്ഥാനാർത്ഥിത്വം കിട്ടാത്തതിൽ പ്രതിഷേധിച്ച് കഴിഞ്ഞ തവണ അപ്രതീക്ഷിതമായാണ് വിമതനായി എത്തിയത്
■ തിരഞ്ഞെടുപ്പിന് ശേഷവും പാർട്ടി പോഷക സംഘടനാ പ്രവർത്തനത്തിൽ സജീവമായിരുന്നു
■ സ്കിൽഡ് വർക്കേഴ്സ് യൂണിയൻ (സി.ഐ.ടി.യു) ജില്ലാ കമ്മിറ്റി അംഗമായിരുന്നു
■ കഴിഞ്ഞ മാസം കൂടിയ സ്കിൽഡ് വർക്കേഴ്സ് യൂണിയൻ യോഗത്തിലും പങ്കെടുത്തിരുന്നു
■ ഇക്കുറി ഔദ്യോഗിക സ്ഥാനാർത്ഥിയായി സി.പി.എം പരിഗണിക്കാനിരിക്കുകയായിരുന്നു
■ പാർട്ടി ബന്ധം ഉപേക്ഷിച്ച് ഷീലാസ് കോൺഗ്രസിൽ അംഗത്വം നേടിയെന്നാണ് വിവരം

തുല്യതാ പരീക്ഷയിൽ ഭിന്നലിംഗക്കാരും

തിരുവനന്തപുരം: പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പത്താംതരം തുല്യതാ പരീക്ഷയ്ക്ക് ഭിന്നലിംഗക്കാരുടെ സാന്നിദ്ധ്യം ശ്രദ്ധേയമായി. കരമന ബോയ്സ്എച്ച്എസ്സ്കൂളിൽ ഇന്നലെ നടന്ന പരീക്ഷയിലാണ് ഭിന്നലിംഗക്കാരായ അസ്യ, സുകന്യ, സൂര്യ, സക്കീന, അപൂർവ, നിയ എന്നീ ആറു പേർ പരീക്ഷ എഴുതിയത്. പരീക്ഷയ്ക്കായി 10 പേരാണ് അപേക്ഷ നൽകിയതെങ്കിലും ആറു പേർ മാത്രമാണ് എത്തിയതെന്ന് ട്രാൻസ്ജെൻഡർ അസോസിയേഷൻ കോ-ഓർഡിനേറ്റർ ശ്യാമ പറഞ്ഞു. അകെ 111 പേരാണ് സാക്ഷരതാമിഷനിലെ പഠനത്തിനു ശേഷം ഇവിടെ പരീക്ഷ എഴുതിയത്. 28ന് പരീക്ഷ അവസാനിക്കും.

കരമന ബോയ്സ് ഹൈസ്കൂളിൽ പത്താംതരം തുല്യതാ പരീക്ഷ എഴുതാനെത്തിയ ട്രാൻസ്ജെൻഡർമാരായ സുകന്യ കൃഷ്ണ, സൂര്യ ഇഷാൻ, അസ്യ എന്നിവർ പരീക്ഷയ്ക്കായി തയ്യാറെടുക്കുന്നു. ക്ലാസ് കോ ഓർഡിനേറ്റർ ഷാജിലാ, സൂര്യയുടെ ഭർത്താവ് ഇഷാൻ എന്നിവർ സമീപം

നഗ്നചിത്രങ്ങൾ പ്രചരിപ്പിച്ചയാൾ അറസ്റ്റിൽ

തിരുവനന്തപുരം: കുട്ടികളുടെ നഗ്നചിത്രങ്ങൾ വ്യാജ ഫേസ്ബുക്ക് അക്കൗണ്ടുകളിലൂടെ പ്രചരിപ്പിച്ചയാളെ സൈബർ ക്രൈം പൊലീസ് പിടികൂടി. തമിഴ്നാട്ടിലെ തിരുവള്ളൂർ ജില്ലയിലെ തിരുത്തണി താലൂക്കിൽ ബിഗ് സ്ട്രീറ്റിലെ സുനിൽകുമാറിനെയാണ് ഡിവൈ.എസ്.പി എം ഇക്ബാലിന്റെ നേതൃത്വത്തിലുള്ള സംഘം പിടികൂടിയത്. ഫേസ്ബുക്ക്, ഗൂഗിൾ എന്നിവയിൽ നിന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചുശേഷമാണ് സംഘം തമിഴ്നാട്ടിൽ നിന്ന് പ്രതിയെ പിടികൂടിയത്. പ്രതിയെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. ഇൻസ്പെക്ടർ എസ്. സജാദ്, സീനിയർ സിവിൽ പൊലീസ് ഓഫീസർ ഷിബു. വി, സിവിൽ പൊലീസ് ഓഫീസർമാരായ അനീഷ്. പി, അഭിലാഷ് . എൻ. എൽ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

നാം ഒന്നാണ് കേരളം മതേതരമാണ് എന്ന മുദ്രാവാക്യവുമായി ഡി.വൈ.എഫ്.ഐ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പാളയത്ത് നടത്തിയ ഓർമ്മപ്പെടുത്തൽ പരിപാടിയിൽ സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ നവോത്ഥാന ദീപം തെളിക്കുന്നു. എഴുത്തുകാരി ശാരദക്കുട്ടി ടീച്ചർ, ആനാവൂർ നാഗപ്പൻ, വി. ശിവൻകുട്ടി, എ.എ. റഹീം, വി. വിനീത് എന്നിവർ സമീപം

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ്: 3, 8

തമ്പാനൂർ ബസ് ടെർമിനൽ ഇനി വനിതാ സൗഹൃദ ബസ് സ്റ്റേഷൻ

തിരുവനന്തപുരം: ജീവനക്കാരുടെയും യാത്രക്കാരുടെയും പരാതികൾക്ക് പരിഹാരമായി തമ്പാനൂർ ബസ് ടെർമിനൽ വനിതാ സൗഹൃദ ബസ് സ്റ്റേഷനാകുന്നു. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ (എ.ഐ.ടി.യു.സി) വനിതാ സബ് കമ്മിറ്റി നൽകിയ പരാതിയിന്മേൽ സംസ്ഥാന വനിതാ കമ്മിഷന്റെ ഇടപെടലിനെ തുടർന്ന് തമ്പാനൂർ ബസ് ടെർമിനലിൽ വനിതാ ജീവനക്കാർക്കായി പ്രത്യേക ടോയ്ലെറ്റ് പുതിയ ഓഫീസിൽ അനുവദിച്ചു. വനിതാ കമ്മിഷനംഗങ്ങളായ ഇ.എം. രാധയും എം.എസ്. താരയും വീണ്ടും ടെർമിനൽ സന്ദർശനം നടത്തി നിലവിലെ സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തി. ദീർഘദൂര സർവീസ് കഴിഞ്ഞ് വരുന്ന വനിതാ ജീവനക്കാർക്ക് ഇവിടെ വിശ്രമമുറി ഇനിയും അനുവദിച്ചിട്ടില്ല.

കുഞ്ഞുങ്ങളുമായി എത്തുന്ന അമ്മമാർക്ക് മുലയൂട്ടുന്നതിനും വിശ്രമത്തിനുമായി വഴികാട്ടി എന്ന പേരിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. തമ്പാനൂർ കൗൺസിലർ ജയലക്ഷ്മി, കെ.ടി.ഡി.എഫ്.സിയുടെ ടെർമിനലിന്റെ ചുമതലയുള്ള സന്യജ, പരാതി നൽകിയ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ വനിത സബ് കമ്മിറ്റി ചെയർപേഴ്സൺ എസ്. സ്മിത, സന്ധ്യമോൾ, ദീപ, രേഖ തുടങ്ങിയവർ പങ്കെടുത്തു.

> രാത്രിയായാൽ ലൈറ്റുകൾ കത്താത്തതും വനിതാപൊലീസ് ഇല്ലാത്തതുമെല്ലാം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയങ്ങൾ അതീവ ഗൗരവത്തോടെ വീണ്ടും കൈകാര്യം ചെയ്യും
> -വനിതാകമ്മിഷൻ

പൊലീസ് കുതന്ത്രം മെഡിക്കൽ കോളേജിലും

ഡോക്ടറോട് പൊലീസ് പറഞ്ഞു 'ഇതൊരു ആത്മഹത്യാ ശ്രമം'

തിരുവനന്തപുരം: ഡിവൈ.എസ്.പി ചവിട്ടിയിട്ടതിനെത്തുടർന്ന് കാർ കയറി ഗുരുതരാവസ്ഥയിലായ സനലുമായി മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിയ പൊലീസ് ഡോക്ടറോട് ആദ്യം പറഞ്ഞത് ഇങ്ങനെ- ' ഇതൊരു ആത്മഹത്യാ ശ്രമമാണ്'. ഡോക്ടർ ആവർത്തിച്ച് ചോദിച്ചപ്പോൾ ' ഏതോ വാഹനം ഇടിച്ചിട്ടതാണ് '. എന്നായി മറുപടി. മരണം സ്ഥിരീകരിച്ചതോടെ നെയ്യാറ്റിൻകരയിൽ നിന്നെത്തിയ പൊലീസുകാർ സ്ഥലം വിട്ടു.

പ്രതിയായ ഡിവൈ.എസ്.പിയുടെ നിർദ്ദേശപ്രകാരം ഇതിനിടെ, മെഡിക്കൽ കോളേജ് പൊലീസ് സ്റ്റേഷനിലെ എസ്.ഐയെടക്കം ആശുപത്രിയിലെത്തി വിവരങ്ങൾ തിരക്കിയിരുന്നു. ഇവരുടെ ഫോണിൽ ഡിവൈ.എസ്.പി അപ്പപ്പോൾ വിവരങ്ങൾ അറിഞ്ഞുകൊണ്ടിരുന്നെന്നാണ് ഇന്റലിജൻസ് റിപ്പോർട്ട്.

രാത്രി 11.05നാണ് സനലിനെ ആംബുലൻസിൽ അതീവ ഗുരുതരാവസ്ഥയിൽ പൊലീസുകാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചത്. വിവരം തിരക്കിയ സുരക്ഷാ ജീവനക്കാരോട് പൊലീസുകാർ തട്ടിക്കയറി. തുടർന്ന് സനലിനെ സ്ട്രെച്ചറിൽ ഡോക്ടർ മാർക്കരികിൽ എത്തിച്ചു.

പ്രാഥമിക പരിശോധനകൾക്കു ശേഷം ഓഷറേഷൻ തിയേറ്ററിന്റെ വാതിലിൽ വച്ചതന്നെ മരണം സ്ഥിരീകരിച്ചു. ഈ സമയം സനലിന്റെ ബന്ധുക്കൾ കാഷ്വാലിറ്റിയിലെത്തിയെങ്കിലും മരണവിവരം പൊലീസുകാർ മറച്ചുവച്ചു.

മെഡിക്കൽകോളേജ് എസ്.ഐയും ആശുപത്രിയിലുണ്ടായിരുന്നു. സി.ഐ അവധിയിലായിരുന്നു. പക്ഷേ, മെഡിക്കൽകോളേജ് എസ്.ഐ, സ്റ്റേഷൻ ഹൗസ് ഓഫീസറായ സി.ഐയെ വിവരമറിയിച്ചില്ല.

മരണം സ്ഥിരീകരിച്ച് പൊലീസുകാർ സ്ഥലംവിട്ടതിന് തൊട്ടുപിന്നാലെയാണ് പ്രതിയായ ഡിവൈ.എസ്.പി ഹരികുമാറിന്റെ മൊബൈൽഫോണുകൾ ഓഫായത്. ഇതിനിടെ റൂറൽ എസ്.പി അശോക് കുമാറിനെ വിളിച്ച ഡിവൈ.എസ്.പി, 'നെയ്യാറ്റിൻകരയിൽ ഒരു അപകടം ഉണ്ടായി, തർക്കത്തിനിടെ ഒരാളെ കാറിടിച്ചു. ഞാനിവിടെ നിൽക്കുന്നില്ല. തത്കാലം മാറിനിൽക്കാൻ പോകുന്നു' - എന്ന് അറിയിച്ചു. ഇതിനു ശേഷമാണ് ഔദ്യോഗിക ഫോൺ ഓഫായത്. സ്പെഷ്യൽബ്രാഞ്ചിൽ നിന്നോ നെയ്യാറ്റിൻകര സ്റ്റേഷനിൽ നിന്നോ കൂടുതൽ വിവരങ്ങൾ അന്വേഷിക്കാൻ എസ്.പി തയ്യാറായില്ല.

രാത്രി തന്നെ വിവരങ്ങൾ തേടിയെങ്കിൽ ഡിവൈ.എസ്.പി സംസ്ഥാനം വിടുന്നത് തടയാമായിരുന്നുവെന്നും കസ്റ്റഡിയിലെടുക്കാമായിരുന്നെന്നും സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എസ്.പിയുടെ നിസംഗത പ്രതിക്ക് രക്ഷപ്പെടാൻ സാവകാശമൊരുക്കിയെന്നാണ് പൊലീസ് നേതൃത്വത്തിന്റെ വിലയിരുത്തൽ.

കൊല്ലപ്പെട്ട സനൽ

പൊലീസുകാർക്കെതിരെ കർശന നടപടി വേണം: ആനാവൂർ നാഗപ്പൻ

തിരുവനന്തപുരം : കൊടങ്ങാവിളയിൽ സനൽകുമാറിന്റെ കൊലപാതകത്തിൽ കുറ്റക്കാരായ പൊലീസുകാർക്കെതിരെ കർശന നടപടി ഉടൻ സ്വീകരിക്കണമെന്ന് സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ ആവശ്യപ്പെട്ടു.

പ്രശ്ന പരിഹാരമായില്ല: പ്രിൻസിപ്പൽ

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സിയും ശ്രീ ചിത്തിര തിരുനാൾ എൻജിനിയറിംഗ് കോളേജും തമ്മിലുള്ള വസ്തുതർക്കത്തിൽ പ്രശ്ന പരിഹാരമായിട്ടില്ലെന്ന് കോളേജ് പ്രിൻസിപൽ അറിയിച്ചു. മന്ത്രിയുമായി നടത്തിയ ചർച്ചയിൽ താത്കാലികമായി കോളേജിന്റെ എൻ.ബി.എ അക്രഡിറ്റേഷന് തടസമുണ്ടാക്കാത്ത രീതിയിൽ മുന്നോട്ട് പോകണമെന്ന തീരുമാനമാണ് ഉണ്ടായത്. അക്രഡിറ്റേഷന് ശേഷം മറ്റുകാര്യങ്ങളിൽ തീരുമാനമെടുക്കാമെന്നുമാണ് തീരുമാനിച്ചതെന്നും പ്രിൻസിപൽ വ്യക്തമാക്കി.

സൂര്യ ഫെസ്റ്റിവലിനോടനുബന്ധിച്ച് തൈക്കാട് ഗണേശത്തിൽ ശ്വേത പ്രചണ്ഡേ അവതരിപ്പിച്ച ഭരതനാട്യം